# തിരുവത്താഴം

തിരുവചനത്തിൽ നിന്നും ആവേശം കൊള്ളിയ്ക്കുന്ന ഒരു സന്ദേശമാണ് അല്പം മുമ്പ് സഹോദരൻ പെയ്റി നമുക്ക് നൽകിയത്. അത് എത്രമാത്രം സത്യമാണ്, “നാം ദൈവത്തിന് സീമയും, ദൈവത്തിന് സമയവും നിശ്ചയിക്കുന്നു; എന്നാൽ അവൻ നിത്യനായതിനാലോ, നമുക്ക് അത് ചെയ്യാനാകില്ല.” അതുകൊണ്ട് ഇന്നു രാത്രിയിൽ ഇപ്പോൾ, നാം മറ്റൊന്നിനെ അഭിമുഖീകരിക്കുന്നു, അത് തിരുവത്താഴമാണ്.

2 ടൂസനിൽ ഒരു ചർച്ചിനായി ഞാൻ മൂന്നു വർഷങ്ങൾ കാത്തിരുന്നു, എന്നാൽ അത് ഇവിടെയായിരിക്കുന്നു. അതെ, നാം ആയിരിക്കുന്നു—നാം ഇവിടെയായിരിക്കുന്നു. നാം ഇപ്പോൾ അതിനെ വിലമതിക്കാനായി, അവൻ നമ്മെ അതിനുവേണ്ടി ഇതുവരെയും കാത്തിരിക്കാൻ അനുവദിച്ചു, അതുകൊണ്ട് നാം കർത്താവിന് നന്ദിയർപ്പിക്കുന്നു.

3 ഇപ്പോൾ, തിരുവത്താഴം തുടങ്ങുന്നതിനു മുമ്പ്, ഇതാണ്, ഇവിടെ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു, അതായത് നാം ജീവിക്കുന്ന ഈ കാലത്തിൽ നാം വളരെയേറെ കണ്ടറിഞ്ഞു, അതായത് നാം വാസ്തവമായും (സകലതും) നമ്മിലെ സകല അസ്തിത്വവും ദൈവത്തിന് കൊടുത്തിരിക്കണം എന്ന് ഞാൻ വിശ്വസിക്കുന്നു. നാം—നാം തീർച്ചയായും ദൈവത്തെ സേവിച്ചിരിക്കണം. തിരുവചത്തിലൂടെ നമ്മെ അനുഗ്രഹിച്ച് അവൻ നമ്മോടു നേരിട്ട് ഉത്തരമരുളിയെന്ന് ഞാൻ വിശ്വസിക്കുന്നു. അല്പ നിമിഷത്തിനു മുമ്പ് സഹോദരൻ പെയ്റി നൽകിയതു പോലെ, അതായത് നാം—നാം ആകുന്നു, നാം ആ സമയത്ത് എത്തിയിരിക്കുകയാണ്. നാം അന്ധരല്ല, നാം—നാം—നാം ഇവിടെ ആയിരിക്കുന്നത് കാണുന്നു, നാം—നാം എത്തിച്ചേർന്നിരിക്കുന്നു.

4 നാം ചുറ്റിനും തിരിഞ്ഞു നോക്കിയാൽ മനുഷ്യമനസ്സ് ജനങ്ങളെ എപ്രകാരമാണ് വിട്ടുകളഞ്ഞിരിക്കുന്നതെന്ന് കാണാനാകും. അതായത്, നമുക്ക്—നമുക്ക് അധിക കാലം പിടിച്ചു നിൽക്കാനാകാതെ, നാം ഒരു പൂർണ്ണ ഭ്രാന്തുപിടിച്ച സ്ഥലം പോലെ ആയിത്തീരും, മുഴു ലോകവുമായിത്തീരും. കാണുന്നോ? അങ്ങനെ നാം—നാം അന്ത്യസമയത്ത് എത്തിയിരിക്കുന്നു.

5 ഇപ്പോൾ, ഈ കാര്യങ്ങളെല്ലാം വാസ്തവമെന്നു കാണുമ്പോഴും, നോക്കൂ അവയെല്ലാം സത്യമാണ്, അവ കെട്ടുകഥകളല്ല, അങ്ങനെയാണ് സഹോദരൻ പെയ്റി അവസാനിപ്പിച്ചത്. അവ നാം ഇങ്ങനെ ഊഹിക്കുന്ന എന്തെങ്കിലുമല്ല. ദൈവ വചനത്താൽ നമുക്ക് നേരിട്ട് നൽകിക്കൊണ്ട്, ജനസമൂഹത്തിനു മുന്നിൽ പ്രകടമാക്കിയും, അത് നാം ഇവിടെയാണെന്ന് അറിയിക്കുന്നു. ഇപ്പോൾ എത്ര ദൂരമുണ്ടെന്ന് നമുക്ക്—നമുക്കറിയില്ല, എന്തുകൊണ്ടെന്നാൽ നാം തിരികെ ഘടികാരത്തിലേയ്ക്ക് വരികയാണ്, അത് ഏതു സമയമെന്ന്, നിങ്ങൾ കാണുന്നു. എന്നാൽ നാം... നാം അറിയുന്നു നാം—നാം ഇവിടെയാണ്, നാം ഒരു കാലയളവിലാകുന്നു. അത് ദൈവത്തിന്റെ സമയമാണോ, എന്നു ഞാൻ ഊഹിക്കുകയാണ്...

6 ഒരാൾ ഒരിക്കൽ എനിക്ക് ദൈവത്തിന്റെ സമയത്തെക്കുറിച്ച് ഒരു ചെറിയ വിശകലനം നൽകി... അതിൽ അയാൾ ഒരു കാലയളവ് അനുവദിച്ചിരിക്കുന്നു, ഒരു—ഒരായിരം വർഷങ്ങൾ ഒരു ദിവസം മാത്രം. അതിനാൽ ഒരു മനുഷ്യൻ എഴുപത് വർഷം ജീവിച്ചിരിക്കുന്നെങ്കിൽ, അത് ദൈവത്തിന്റെ സമയപ്രകാരം ഒരല്പ നിമിഷങ്ങൾ മാത്രമായിരിക്കും. കാണുന്നോ? അതെ, അത് നാല്പത് വർഷമെന്നാണ് പറയപ്പെടുന്നതെങ്കിൽ, അത് സമയം എന്നുപോലും, കണക്കിടില്ല, കഷ്ടിച്ച്, അവൻ തന്റെ കണ്ണുചിമ്മുന്ന സമയം. കാണുന്നോ? നോക്കൂ, മുഴുവൻ കാര്യവും, സമയം അനുവദിക്കപ്പെട്ടിരിക്കുന്നെങ്കിൽ, അത് എത്ര വേഗത്തിലാണെന്നു കാണൂ; അതിനാൽ അവന് ഒരു കാലയളവുമില്ല. അങ്ങനെ അവൻ നിത്യനാണ്.

7 അവിടെ പുറകിലിരിക്കുന്ന... സാറയോ അതല്ല യോസേഫ് ആണെന്നു തോന്നുന്നു ഒരു രാത്രിയിൽ സഹോദരൻ പെയ്റിയോടും എന്നോടും ചോദിച്ചെന്നാണ് ഞാൻ വിചാരിക്കുന്നത്. അവൻ ചോദിച്ചു, "ഡാഡീ, എവിടെ, എപ്പോഴാണ് ദൈവം രംഗത്തു വന്നത്? അവൻ എവിടെ നിന്നാണ് വന്നത്?" കാണുന്നോ? "അവന് ഒരു ആരംഭം ഉണ്ടായിരിക്കണം, അങ്ങനെയല്ലേ? അവന് ഒരു ആരംഭമുണ്ടാകേണ്ടതല്ലേ?

8 ഞാൻ പറഞ്ഞു, "ഇല്ല, ആരംഭമുള്ള എന്തിനും ഒരു അവസാനമുണ്ട്, എന്നാൽ ഏതിന് ആരംഭമില്ലാതിരിക്കുന്നോ അതിന് അവസാനവുമില്ല." തീർച്ചയായും, അവന് പത്ത് വയസ്സേയുള്ളൂ, അത്തരത്തിലുള്ള ഒരു—ഒരു കാര്യം അവന് മനസ്സിലാക്കാൻ പ്രയാസമാണ്. കാണുന്നോ? ആരംഭമില്ലാത്ത ഒന്നിനെക്കുറിച്ച് അറിഞ്ഞാൽ, അവന് അതെങ്ങനെ ഉൾക്കൊള്ളാനാകും? അവന്

മാത്രമല്ല എനിക്കും അങ്ങനെ തന്നെ. ഇപ്പോൾ, നോക്കൂ, അത് എപ്രകാരമാണ് ആരംഭമില്ലാതിരിക്കുക എന്നത് എനിക്കും ഒരു വലിയ കാര്യം തന്നെയാണ്.

9 ഇപ്പോൾ ഇവിടെ നാം വാസ്തവമായും പവിത്രമായ ഒരു കാര്യം ആചരിക്കാൻ പോകുന്നു.

10 നാം അക്ഷരാർത്ഥത്തിലാണ് തിരുവത്താഴം എടുക്കുന്നത് എന്ന് വിചാരിച്ചിരുന്ന കുറച്ച് നല്ലവരായ ശ്രേഷ്ഠ ക്രിസ്ത്യാനികൾ—അവർ ഇതിനു മുമ്പ് ഒരിക്കലും ഇത് കൈക്കൊണ്ടിട്ടില്ല, ചില ദിവസങ്ങൾക്കു മുമ്പ് എന്നെ വിളിക്കുകയുണ്ടായി. "ആത്മീയ തിരുവത്താഴം," എന്ന് വിളിച്ചിരുന്ന ഒന്നിനെ അവർ എടുത്തിരുന്നു. അത്, *ആശയവിനിമയത്തെ* (communion) സംബന്ധിച്ചാണെങ്കിൽ, ഞാൻ അത് ശരിയെന്നു പറയും, എന്തെന്നാൽ (communicate) എന്നാൽ, സമ്പർക്കം പുലർത്തുക, "അന്യോന്യം സംസാരിക്കുക," എന്നാണ്, നോക്കൂ. മാത്രമല്ല ആ സഹോദരൻ എനിക്ക് ഈ വചനം നൽകിക്കൊണ്ട്, "ബ്രദർ ബ്രൺഹാം, ഇപ്പോൾ നിങ്ങൾ അങ്ങനെ ചിന്തിക്കുന്നില്ലേ... എന്നു ചോദിച്ചു."

11 ഇപ്പോൾ, ഞാൻ ഇതു പറയുന്നതിന്റെ കാരണമെന്തെന്നാൽ... അത് അങ്ങനെയല്ലേ, സഹോദരൻ പെയ്റി? [സഹോദരൻ പെയ്റി "തീർച്ചയായും," എന്ന് ഉത്തരം പറയുന്നു—Ed.] നോക്കൂ, ഞാൻ ഇതു പറയുന്നതിന്റെ കാരണമെന്തെന്നാൽ, നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു എന്ന് നിങ്ങൾക്കു മനസ്സിലാകാൻ വേണ്ടിയാണ്. നിങ്ങൾ ചെയ്യുന്നില്ല... നിങ്ങൾ എന്തിലേയ്ക്കെങ്കിലും അന്ധമായി നടന്നാൽ, നിങ്ങൾ എവിടെയാണെന്നും, നിങ്ങൾ എന്തു ചെയ്യുന്നെന്നും അറിയാനാകില്ല. നിങ്ങൾ എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്ന ആത്മവിശ്വാസം പോലും നിങ്ങൾക്കുണ്ടാവില്ല. എന്നാൽ നിങ്ങൾ എന്ത് ചെയ്തുകൊണ്ടിരിക്കുന്നെന്നും എന്തിനാണ് ചെയ്യുന്നതെന്നും തികച്ചും മനസ്സിലാക്കിയിരിക്കണം.

12 അവൻ ചോദിച്ചു, "നാം ദൈവ വചനത്തെ എടുക്കയാണെങ്കിൽ, നാം ദൈവത്തെയല്ലേ എടുക്കുന്നത്?"

13 ഞാൻ പറഞ്ഞു, "കൃത്യമായും ശരിയാണ്, സർ, അത് സത്യമാണ്. എന്നാൽ നാം ഇവിടെ യഥാർത്ഥത്തിൽ വായിക്കുന്നതെന്തെന്നാൽ അവരെ... പൗലൊസ് അവരെ അക്ഷരാർത്ഥത്തിലുള്ള കർത്താവിന്റെ അത്താഴം എടുക്കാൻ പഠിപ്പിച്ചെന്നാണ്. 'എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ,' യേശു പറഞ്ഞു. 'നിങ്ങൾ ഇത് എന്റെ ഓർമ്മക്കായി എപ്പോഴെല്ലാമാണോ ചെയ്യുന്നത്, അപ്പോഴെല്ലാം

അവന്റെ വരവുവരെ അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.'" കാണുന്നോ? ഇപ്പോൾ, നാം അത് എടുക്കേണ്ടതുണ്ട്.

14 പുതിയ നിയമത്തിന്റെ പ്രവാചകനായിരുന്നതിനാൽ വിശുദ്ധ പൌലൊസാണ്, ഇത് സഭയിൽ ആജ്ഞാപിച്ചതെന്ന്, നാം മനസ്സിലാക്കിയിരിക്കുന്നു. പത്രൊസും, യാക്കൊബും, യോഹന്നാനും, മറ്റുള്ളവരും, (മത്തായി, മർക്കൊസ്, ലൂക്കൊസ്) പഴയനിയമ പ്രമാണികളുടെ കാലത്തിലേതുപോലെ, യേശു എന്തു ചെയ്തെന്നെഴുതി. എന്നാൽ അവനായിരുന്നു—അവൻ പുതിയ നിയമത്തിന്റെ പ്രവാചകനായിരുന്നതിനാൽ, പൌലൊസ് സഭയെ ക്രമീകരണത്തിൽ കൊണ്ടുവന്നു. ബൈബിളിലെ ആദ്യ—ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ എഴുതാനുള്ള പ്രേരണയ്ക്കായി മോശെ വനാന്തരത്തിലേയ്ക്ക് പുറപ്പെട്ടു പോയതുപോലെ, അതെ, പഴയതിന്റെ മാതൃകയിൽ പുതിയ നിയമ സഭയെ ക്രമത്തിൽ കൊണ്ടുവരാനുള്ള ദൈവത്തിന്റെ പ്രേരണക്കായി പൌലൊസ് മരുഭൂമിയിലേക്ക് പുറപ്പെട്ടു പോയി.

15 അതിന്റെ കീഴിലായി അവർക്ക് ഒരു യാഗക്കുഞ്ഞാടുണ്ടായിരുന്നു, അതിനെ യിസ്രായേൽ ഒരു ഓർമ്മയ്ക്കായി സൂക്ഷിച്ചിരുന്നു. മിസ്രായീമിൽ നിന്നും പുറത്തുവരുന്നേരം, അതിനെ വാസ്തവമായും ഒരിക്കൽ ഉപയോഗിച്ചു. എന്നാൽ അവർ കടന്നുവന്ന കാലങ്ങളിലെല്ലാം ഒരു ഓർമ്മയ്ക്കായി അതിനെ അവിടെ സൂക്ഷിച്ചിരുന്നു. ശരി, "ഇപ്പോൾ ന്യായപ്രമാണം വരുവാനുള്ള കാര്യങ്ങളുടെ നിഴലാണെന്ന്," നിങ്ങൾ കാണുന്നു.

16 ഇപ്പോൾ, (ഇന്ന് നാം (communion) "ഹൃദയസംവാദം" എന്നു വിളിക്കുന്ന) *ഹൃദയസംവാദം* അതാണ്... "കർത്താവിന്റെ അത്താഴമെന്ന്," ഞാൻ വിശ്വസിക്കുന്നു.

17 ഇപ്പോൾ, ഭൗതീകമായി മൂന്നു കല്പനകളാണ് നമുക്ക് നൽകിയിട്ടുള്ളത്: അവയിൽ ഒരെണ്ണം തിരുവത്താഴം; പാദം—കഴുകൽ; ജലസ്നാനം. അതാണ് ആ മൂന്നു കാര്യങ്ങൾ. നോക്കൂ, മൂന്നിൽ, അതാണ് പരിപൂർണ്ണത. ആ മൂന്നു കല്പനകൾ മാത്രമാണ് നമുക്കുള്ളത്. വിശുദ്ധ പൌലൊസിനാൽ പുതിയ നിയമത്തിൽ അത് നൽകിയിരിക്കുന്നതായി നാം തിരിച്ചറിയുന്നു.

18 ഇപ്പോൾ, "തിരുവത്താഴമെന്നാൽ വചനം മാത്രം എടുക്കുന്നതാണ്," എന്നു നാം പറയുന്നെങ്കിൽ, ഒരുവൻ കർത്താവിന്റെ വചനത്തെ—ആ വചനം തന്റെ ഹൃദയത്തിൽ എടുക്കുവോളം അവൻ കർത്താവിന്റെ അത്താഴം കൈക്കൊള്ളാൻ യോഗ്യനാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാണുന്നോ? എന്തുകൊണ്ടെന്നാൽ

ഞാൻ ചെയ്യാൻപോകുന്നു... അല്പ നിമിഷങ്ങൾക്കുള്ളിൽ ഞാൻ നിങ്ങൾക്കായി ചിലതു വായിക്കുന്നേരം നിങ്ങൾ അതു കാണും. ഇപ്പോൾ ശ്രദ്ധിക്കു. പിന്നെ, എന്തുകൊണ്ടാണ് നാം—നാം ചെയ്യുന്നത്...

19 അത്തരത്തിലുള്ള ഒരു രീതിയിലായിരുന്നെങ്കിൽ നമുക്ക് കൃത്യമായും സാൽവേഷൻ ആർമ്മിക്കാരെ ന്യായീകരിക്കാം. അവർ ഒരു വിധത്തിലെ ജലസ്നാനത്തേയും അംഗീകരിക്കുന്നില്ലെന്നു, പറയുന്നു, "ഞങ്ങൾക്കതിന്റെ ആവശ്യമില്ല." ഇപ്പോൾ, ഞങ്ങൾക്ക് സ്നാനമേൽക്കേണ്ട ആവശ്യമില്ലെങ്കിൽ, ഞങ്ങളെന്തിനു സ്നാനമേൽക്കണം? "ജലം നിന്നെ രക്ഷിക്കാനാകില്ല, രക്തമാണ് നിന്നെ രക്ഷിക്കുന്നത്," എന്നും പറയുന്നു.

20 ഞാൻ' അതുമായി യോജിക്കും. അത്—അത് ശരിയാണ്, ജലമല്ല, രക്തമാണ് നിങ്ങളെ രക്ഷിക്കുന്നത്. എന്നാൽ അകമെ ഒരു കൃപയുടെ പ്രവൃത്തി ചെയ്യപ്പെട്ടു എന്നു കാണിക്കാനായി നമ്മുടെ ബാഹ്യമായ വൈകാരിക പ്രകടനത്തിനെന്നോണം *തീർത്തും* ജലം എടുക്കേണ്ടതുണ്ട്. കാണുന്നോ? അതുകൊണ്ട് തികച്ചും തിരുവത്താഴവും തുടർന്നു കൊണ്ടിരിക്കണം!

21 നാം കർത്താവിനെ നമ്മുടെ യാഗമായി, നമ്മിലേയ്ക്ക്, എടുക്കുമ്പോൾ, വചനത്താൽ നാം അവനിൽ ജീവിക്കുന്നു, അവന്റെ ശരീരത്തിലേയ്ക്കും, ഒരു ആത്മീയ ജനനമെന്നോണം, നാം ഇതിനെയും പ്രതിരൂപമാക്കുന്നു എന്തെന്നാൽ ഇത് ഒരു ആജ്ഞയാണ്. "മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി, ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ."

22 പൌലൊസ് പറഞ്ഞു, "ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏല്പിക്കയും ചെയ്തതെന്തെന്നാൽ, 'കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്ത് സ്തോത്രം ചൊല്ലി നുറുക്കി; ഇതു നിങ്ങൾക്കുവേണ്ടിയുള്ള ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു, അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.'" ഇപ്പോൾ നാം ഇതിൽ, കാണുന്നതെന്തെന്നാൽ, അവിടെ ജനങ്ങൾ കടന്നു വരികയും...

23 ഈ വിലയേറിയ സഹോദരൻ, വളരെ സ്നേഹിതനായ ഒരു സഹോദരൻ, അവൻ കടന്നു വന്ന് പറഞ്ഞു, "ബ്രദർ ബ്രൺഹാം, ഞാൻ ഒരിക്കലും—ഞാൻ ഒരിക്കൽപ്പോലും, ഇത് എടുത്തിട്ടില്ല,

അത് എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല." പറഞ്ഞു, "എന്നെ അതിന്റെ മറു വശമാണ് പഠിപ്പിച്ചിരുന്നത്."

24 ഞാൻ പറഞ്ഞു, "എന്നാൽ ഓർക്കു, വിശുദ്ധ പൌലൊസ് ആദ്യ ക്രൈസ്തവ സഭയിൽ ഇതു ക്രമാനുസരണമാക്കി എന്നു നാം അംഗീകരിക്കും. അവർ സഭയിൽ നിന്ന് പുറപ്പെട്ടു പോയി... വീടു വീടാന്തരം, ഒരുമനപ്പെട്ട ഹൃദയത്തോടെ അപ്പം നുറുക്കിയും, മറ്റും പോന്നു. ഇപ്പോൾ," ഞാൻ പറഞ്ഞു, "അവൻ അതിനെ സഭയിൽ ഏർപ്പെടുത്തി. ഗലാത്യർ 1:8-ൽ, അവൻ പറഞ്ഞു, "സ്വർഗ്ഗത്തിൽനിന്നും ഒരു ദൂതൻ ഇറങ്ങിവന്നു ഇതല്ലാതെ മറ്റെന്തെങ്കിലും പറഞ്ഞാൽ, 'അവൻ ശപിക്കപ്പെട്ടവൻ,' നിങ്ങൾ, നോക്കു, നോക്കു, യോഹന്നാനാൽ സ്നാനം ഏറ്റവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ വീണ്ടും സ്നാനമെടുപ്പിച്ചവൻ."

25 നിങ്ങൾ നോക്കു, പ്രതീകാത്മകമായി തികച്ചും നാം മൂന്നു കാര്യങ്ങൾ—തികച്ചും നാം മൂന്നു കാര്യങ്ങൾ ചെയ്തിരിക്കണം: കർത്താവിന്റെ അത്താഴം, പാദം, കഴുകൽ, ജലസ്നാനം. കാണുന്നോ? അവിടെ...

26 നിങ്ങൾ ചോദിക്കാം, "അതെ, ആ..." ഇപ്പോൾ, സാൽവേഷൻ ആർമ്മിക്കാർ അതിന് ഈ സന്ദർഭത്തെയാണ് എടുക്കുക, "മരിച്ചുകൊണ്ടിരുന്ന കള്ളൻ, അവൻ മരിക്കുന്നേരം, അവൻ സ്നാനമേറ്റിരുന്നില്ല, എന്നിട്ടും അവൻ സ്വർഗ്ഗത്തിലായിരിക്കും, എന്നു യേശു പറഞ്ഞു." അത് കൃത്യമായും ശരിയാണ്. അത് കൃത്യമാണ്. എന്നാൽ, നിങ്ങൾ നോക്കിയാൽ, അവൻ—അവൻ—അവൻ അവിടെ മരിച്ചുകൊണ്ടിരുന്ന മണിക്കൂറിലാണ് യേശുവിനെ തിരിച്ചറിഞ്ഞത്. കാണുന്നോ? ആ ഒരേ ഒരവസരമാണ്—ആ ഏക അവസരമാണ് അവനുണ്ടായിരുന്നത്. അവൻ—അവൻ ഒരു കള്ളനായിരുന്നു, അവൻ വളരെ ദൂരത്തായിരുന്നു, അവൻ നഷ്ടമായവനായിരുന്നു. പിന്നെ അവൻ, അവൻ ആ വെളിച്ചം കണ്ടയുടൻതന്നെ, അവൻ അതിനെ തിരിച്ചറിഞ്ഞു, "കർത്താവെ, എന്നെ ഓർക്കേണമെ!" യേശുവെ... അത് വാസ്തവമായിരുന്നു.

27 എന്നാൽ സ്നാനമേൽക്കണം എന്നറിയുന്ന ഞാനും നിങ്ങളും, അതു ചെയ്യാൻ വിസമ്മതിക്കുമ്പോൾ, അത് നിങ്ങൾക്കും ദൈവത്തിനും ഇടയിലാണ്. അതെ കാര്യം തന്നെ തിരുവത്താഴത്തിനും!

28 ഇപ്പോൾ, നാം ഈ തിരുവത്താഴമെടുക്കുന്നേരം, "ഞാൻ ഒരു ക്രിസ്ത്യാനിയാകും എന്നു വിശ്വസിക്കുന്നു, ഞാൻ അവിടേയ്ക്ക് കടന്നു ചെന്ന് അല്പം അപ്പം തിന്നാൻ പോകുന്നു," എന്നു പറയുന്നതല്ല. എന്നാൽ നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ, ബൈബിൾ ഇപ്രകാരം

പറയുന്നു, “*അയോഗ്യമായി* അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ, കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും.” കാണുന്നോ? അത്—അത്... ജനങ്ങളുടെ മുന്നിൽ നിങ്ങൾക്ക് ഒരു ജീവിതം ജീവിച്ചു കാണിക്കേണ്ടതുണ്ടെന്നാണ്, അതായത്... ജനങ്ങളുടെയും ദൈവത്തിന്റെയും മുന്നിൽ, അതെന്താണ് കാണിക്കുന്നതെന്നാൽ നിങ്ങൾ—നിങ്ങൾ അതിൽ ആത്മാർത്ഥതയുള്ളവൻ എന്നാണ്.

29 ഇപ്പോൾ, ഒരു നിമിഷത്തേയ്ക്ക് നീട്ടട്ടെ. ഇപ്പോൾ, പഴയ നിയമപ്രകാരം ഒരു യാഗമർപ്പിക്കുക എന്നത് ഒരു—ഒരു വ്യവസ്ഥയായിരുന്നു അന്യഥാ ഒരു കല്പനയായിരുന്നു. അതുപോലെ തന്നെ ജലസ്നാനവും ഒരു കല്പനയാണ്; അങ്ങനെതന്നെ പാദം—കഴുകുന്നതിന്റെ കല്പനയും; അപ്രകാരം തന്നെ കർത്താവിന്റെ അത്താഴവും കല്പനയാണ്. “ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിനും അവന്റെ കല്പനകൾ പ്രമാണിക്കുന്നവർ ഭാഗ്യവാന്മാർ.”

30 ഇപ്പോൾ, ഇപ്പോൾ ഇതിൽ ശ്രദ്ധിച്ചാൽ, അതിൽ, നിങ്ങളുടെ പാപങ്ങൾക്കും—നിങ്ങളുടെ ദാനങ്ങൾക്കും പകരമായി ഒരു യാഗകുഞ്ഞാടിനെ ദേവാലയത്തിലെ അൾത്താരയുടെ യാഗപീഠത്തിൽ യാഗമർപ്പിക്കുക എന്നുള്ളത് ആദ്യം ഒരു ചട്ടമായിരുന്നു. അതെ, താൻ കുറ്റക്കാരനാണെന്നറിഞ്ഞ ഒരു യഹൂദ സഹോദരൻ, തന്റെ തടിച്ച കാളയോ അതല്ല ഏറുകാളയോ അതുമല്ല തന്റെ കൈയ്യിലെ ആട്ടുക്കൊറ്റനോ, കുഞ്ഞാടോ അത് എന്തായാലും ശരി, റോഡിലൂടെ കൊണ്ടുവരുന്നത് എനിക്ക് ഭാവനയിൽ കാണാനാകുന്നു. ദൈവത്തിന്റെ നിയമത്തോട് എത്രമാത്രം കൂറ് പുലർത്താനാകുമോ, അത്രമാത്രം ആത്മാർത്ഥതയോടെയാണ്, അവൻ അതിനെ വഴിയിലൂടെ അവിടേയ്ക്ക് കൊണ്ടുവന്ന്, നടന്നു കയറുന്നത്.

31 അതിനുശേഷം അവൻ തന്റെ കൈകളെ അതിന്മേൽ വെച്ചുകൊണ്ട്, തന്റെ പാപങ്ങളെ ഏറ്റുപറയുകയും, പുരോഹിതൻ അതിനെ (അവന്റെ പാപങ്ങളെ) കുഞ്ഞാടിനുമേൽ വെക്കുന്നു, കുഞ്ഞാടിന്റെ കഴുത്ത് അറുക്കപ്പെടുന്നു പിന്നെ—പിന്നെ അവനായി അത് മരിക്കുകയും ചെയ്യുന്നു. അത് അവിടെ കിടന്ന്, ആ ചെറിയ കുഞ്ഞാട് അതിന്റെ കുഞ്ഞു കൈകാലുകളടിച്ച്, രക്തം വാർന്നു കൊണ്ടിരിക്കുന്നേരം, അവന്റെ കൈകളിലും, ശരീരത്തിലെല്ലാം തെറിച്ച് വീണ് രക്തമായിത്തീരുന്നു, (ആ ചെറിയ കുഞ്ഞാട്,

നിലവിളിച്ചുകൊണ്ട് മരിക്കുന്നു), അപ്പോൾ അവൻ പാപം ചെയ്തെന്നും അവന്റെ സ്ഥാനത്ത് മറ്റൊന്നു മരിക്കേണ്ടതുണ്ടായിരുന്നു എന്നും തിരിച്ചറിയുന്നു. അതിനാൽ അവന്റെ മരണത്തിനു പകരമായി ഈ കുഞ്ഞാടിന്റെ മരണത്തെ സമർപ്പിക്കുന്നു. നോക്കൂ, ആ കുഞ്ഞാട് അവന്റെ സ്ഥാനത്തു മരിച്ചു. അങ്ങനെ ആ മനുഷ്യൻ വളരെ ആത്മാർത്ഥതയോടും ഹൃദയാന്തരത്തിൽ നിന്നും അത് ചെയ്യുന്നു.

32 അവസാനം, വീണ്ടും വീണ്ടും അത് ചെന്ന് ചെയ്യപ്പെടുന്നു, അത് അവസാനം ഒരു ആചാരമായിത്തീരുന്നതുവരെ അത് വീണ്ടും വീണ്ടും ചെയ്യപ്പെട്ടു. ദൈവത്തിന്റെ കല്പന ജനങ്ങൾക്ക് ഒരു ആചാരമായിത്തീർന്നു. അതുകഴിയുമ്പോൾ ഒരുവൻ കടന്നു വരുന്നു, "അതെ, നമുക്ക് നോക്കൂ, അത് ഇന്ന് ഇന്ന—ഇന്നയാളാണ്, ഒരല്പംകൂടെ ഞാൻ ആഴത്തിൽ പോകേണ്ടതുണ്ട്. അതെ, ഞാൻ ഒരു—ഒരു കാളയെ ബലിയർപ്പിക്കുന്നത് നല്ലതാണ്." അവൻ അവിടെ താഴേയ്ക്ക് ചെന്നിട്ട്, "അതെ, കർത്താവെ, ഇതാ എന്റെ കാള." നോക്കൂ, അവിടെ ഒരു ആത്മാർത്ഥതയുമില്ല, അതിൽ ഒരു കാര്യവിവേചനമില്ല.

33 ഇപ്പോൾ, നാം അങ്ങനെ തിരുവത്താഴം കൈക്കൊള്ളാൻ ആഗ്രഹിക്കുന്നില്ല. കർത്താവിന്റെ മേശയിലേയ്ക്ക് അങ്ങനെ വരിക എന്നത് അതെ കാര്യം തന്നെ.

34 യെശയ്യാവ് 35... അല്ല, എന്നോട് ക്ഷമിക്കണം. യെശയ്യാവ് 60... ഞാൻ അതു തിരികെയെടുക്കട്ടെ. ഞാൻ—ഞാൻ—ഞാൻ അത് യെശയ്യാവ് 28-ലാണെന്നു വിശ്വസിക്കുന്നു, അവിടെ നമുക്ക് അത് കണ്ടുപിടിക്കാനാകും. അത് ആ അദ്ധ്യായത്തിൽ തന്നെയാണെന്നു എനിക്ക് വളരെ തീർച്ചയാണ്. "ചട്ടത്തിന്മേൽ ചട്ടം, ചട്ടത്തിന്മേൽ ചട്ടം; സൂത്രത്തിന്മേൽ സൂത്രം; സൂത്രത്തിന്മേൽ സൂത്രം; ഇവിടെ അല്പം, അവിടെ അല്പം, എന്നു അവർ പറയുന്നു, നല്ലതിനെ മുറുകെപ്പിടിച്ചുകൊള്ളുക, അതേ വിക്കിവിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും അവൻ ഈ ജനത്തോടു സംസാരിക്കും, ഇതാകുന്നു സ്വസ്ഥത."

35 അവൻ പറയുന്നു, "കർത്താവിന്റെ മേശകളൊക്കെയും ഛർദ്ദിയും അഴുക്കും കൊണ്ടു നിറഞ്ഞിരിക്കുന്നു. ആർക്കാകുന്നു ഇവൻ പരിജ്ഞാനം ഉപദേശിപ്പാൻ പോകുന്നത്? എനിക്ക് ആരെ ഗ്രഹിപ്പിക്കാനാകും? കാണുന്നോ? അതുതന്നെയാണ് ശരിയായ വേദഭാഗമെന്നു ഞാൻ കരുതുന്നു, യെശയ്യാവ് 28, "എനിക്ക് ആരെ ഉപദേശം ഗ്രഹിപ്പിക്കാനാകും? നോക്കൂ, "മേശകൾ."

36 ഇപ്പോൾ, കണ്ടതെന്തെന്നാൽ നാം ഇന്നു രാത്രിയിൽ ചെയ്യാൻ പോകുന്ന, അവന്റെ മരണത്തിന്റെ ഓർമ്മയ്ക്കായുള്ള ഈ

മഹൽക്കർമ്മവും അവന്റെ ശരീരമെന്നു നാം വിശ്വസിക്കുന്നതിനെയും നാം ദിവസേന ഭുജിച്ചിരിക്കണം അന്യഥാ നമ്മുടെ സഹോദരൻ പ്രസംഗിച്ചതുപോലെ നാം എല്ലാ ദിവസവും ഭക്ഷിച്ചിരിക്കണം. ദൈവവചനം, പൂർണ്ണഹൃദയത്തോടും കൂടെ നാം എടുത്തിരിക്കണം. അത് പ്രത്യക്ഷമാക്കപ്പെട്ടതായി നാം കാണുന്നു; അതു നമുക്ക് നൽകപ്പെട്ടതായി നാം കാണുന്നു; അത് സമർത്ഥിച്ചതായി നാം കാണുന്നു; നാം നമ്മുടെ ജീവിതത്തിൽ അതു അനുഭവിക്കുന്നു. ഇത് ഒരു ആജ്ഞ മാത്രമല്ല, പിന്നെയോ നാം എന്താണ് ചെയ്യാൻ പോകുന്നത് എന്നതിനെക്കുറിച്ചുള്ള ആഴമേറിയ ശുദ്ധമനസ്സാക്ഷിയോടെ കടന്നു വരണം.

37 നിങ്ങൾ പള്ളിയിൽ പോകുന്നു, പലപ്പോഴും അവർ നിങ്ങൾക്ക് ഒരു പഴയതും കനം കുറഞ്ഞതുമായ ബിസ്കറ്റ് അതല്ല ഏതോ വിധത്തിലുള്ള ഒരു—ഒരു കനം കുറഞ്ഞ ബിസ്കറ്റ് മുറിച്ച് തരുന്നു; മദ്യപിക്കയും, പുകവലിക്കുകയും, മറ്റെല്ലാം ചെയ്യുന്നവർക്കും, കൊടുക്കുന്നു, എന്തുകൊണ്ടെന്നാൽ, അവർ സഭയിലെ അംഗങ്ങളാണ്, അവർ വന്ന് കർത്താവിന്റെ അത്താഴം കൈപ്പറ്റുന്നു. അതെ, അത് ദൈവമുമ്പാകെ അശുദ്ധിയാണ്!

38 യാഗത്തെക്കുറിച്ച്, "നിങ്ങളുടെ വിശുദ്ധ ദിവസങ്ങളും നിങ്ങളുടെ യാഗങ്ങളും എനിക്കു ദുർഗന്ധമാകുന്നു," എന്നു പറഞ്ഞിരിക്കുന്നു. എന്നിട്ടും, യാഗമർപ്പിക്കാൻ ദൈവം അവരോട് കല്പിച്ചു. എന്നാൽ ഏതു വിധമാണ് അവർ അതിനെ കൈകാര്യം ചെയ്തത്, അവൻ നിയോഗിച്ചിരുന്ന ബലി, അത് അവന് ദുർഗന്ധമായിത്തീർന്നു, (നാസാദ്വാരങ്ങൾക്ക്) അവന്റെ മൂക്കിൽ ദുർഗന്ധമുളവാക്കി.

39 ആ വിധത്തിലാണ് നാം ദൈവ വചനത്തെ എടുക്കുന്നത്, (നാമമാത്ര) ക്രിസ്ത്യാനികളായ അനേകർ ഇന്ന് അതു ചെയ്യുന്നു. നാം ഇവിടെ നിന്നുകൊണ്ട്, ഈ വചനം ഉപദേശിച്ച് ഇങ്ങനെ പറയുന്നു, "യേശുക്രിസ്തു ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യനാണ്," അവൻ നമ്മോട് വാഗ്ദത്തം ചെയ്തിരിക്കുന്ന കാര്യങ്ങളെ ബഹുമാനിക്കണം, പിന്നെ, പറയും, "ഓ, അതെ, അത് മറ്റെന്തിനോവേണ്ടിയായിരുന്നു," നമ്മുടെ ഔപചാരീക ആരാധനകൾ അവന് ദുർഗന്ധമായിത്തീർന്നിരിക്കുന്നു. അവൻ ഒരിക്കലും, ഒരു വിധത്തിലും അത് സ്വീകരിക്കില്ല. അത് നമ്മുടെ സമ്പ്രദായത്തിന്റെ സ്വഭാവം എന്ന കാരണത്താലാണ്!

40 കർത്താവിന്റെ അത്താഴം നിങ്ങളെടുക്കുന്നത് ഒരു സമ്പ്രദായത്താലല്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ കല്പനകളെ അനുസരിക്കുന്നതിനും, ദൈവത്തിന്റെ സ്നേഹം നിങ്ങളുടെ

ഹൃദയത്തിൽ ഉള്ളതിനാലുമാണ് നിങ്ങൾ അതു എടുക്കുന്നത്. നോക്കു, അതുകൊണ്ടാണ് നിങ്ങൾ അത് എടുക്കുന്നത്.

41 അതുകൊണ്ട്, നിങ്ങൾ ആത്മാർത്ഥതയില്ലാതെ, ഒരു ചടങ്ങുപോലെ എടുക്കുന്നെങ്കിൽ, "അതെ, ഞങ്ങളുടെ സഭ തിരുവത്താഴം ഓരോ ഞായറാഴ്ചയിലും, അന്യഥാ മാസത്തിലൊരിക്കൽ അതുമല്ലെങ്കിൽ വർഷത്തിൽ രണ്ടുവട്ടം, അത് ആചരിക്കുന്നു, പിന്നെ നിങ്ങൾ കടന്നു ചെന്ന്, "അതെ, ഇത് എന്റെ സമയം, പിന്നെ—പിന്നെ അതിനുശേഷം തിരുവത്താഴം കൈപ്പറ്റുന്നു, എന്താ, അത് ദൈവത്തിന് ഒരു ദുർഗന്ധമാണ്! നോക്കു, അതു ഒരു ചടങ്ങ് മാത്രമാണ്.

42 മറ്റേതൊരു കാര്യത്തിനെയും പോലെ, നിങ്ങൾ—നിങ്ങൾക്ക് ആത്മാർത്ഥത ഉണ്ടാകേണ്ടിയിരിക്കുന്നു. നിങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും ദൈവം അത് ആഗ്രഹിക്കുന്നു. നിങ്ങളെ ഈ ഭൂമിയിലേയ്ക്ക് കൊണ്ടുവന്ന ദൈവത്തെയാണ് നിങ്ങൾ സേവിച്ചു കൊണ്ടിരിക്കുന്നത്, നിങ്ങൾ ഓർക്കുക, കാണുന്നോ?

43 നിങ്ങൾ ഇതു ചെയ്യുന്നു എന്തെന്നാൽ അവൻ അപ്രകാരം പറഞ്ഞിരിക്കുന്നു, എന്തെന്നാൽ ഇത് അവന്റെ കല്പനയാണ്. അതിനുശേഷം നാം ദൈവകൃപയാലാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നറിഞ്ഞ്, നാം ആഴമുള്ള ആത്മാർത്ഥതയുമായി വരാൻ ആഗ്രഹിക്കുന്നു. പിന്നെ നാം—നമ്മൾ അവനെ സ്നേഹിക്കയും അവന്റെ സാന്നിദ്ധ്യത്തെ അനുഭവിക്കുകയും ചെയ്യുന്നു, മാത്രമല്ല അത് ജീവിതം മാറ്റപ്പെട്ടതായി നാം—നാം കാണുന്നു. നമ്മുടെ—നമ്മളിലെ സകലതും മാറ്റപ്പെട്ടതായി നാം കാണുന്നു. നാം—നാം—നാം വ്യത്യസ്തരായ ജനങ്ങൾ. നാം ആയിരുന്നതുപോലെ ആയിരിക്കുന്നില്ല, നാം ചിന്തിച്ചിരുന്നതുപോലെ ചിന്തിക്കുന്നില്ല.

44 ഇവിടിരിക്കുന്ന പുസ്തകം പോലെ, ജീവപുസ്തകം, നാം ഏതു സന്ദർഭത്തെക്കുറിച്ചാണോ സംസാരിച്ചുകൊണ്ടിരിക്കുന്നത് ആ—ആ രണ്ടു പുസ്തകങ്ങളും, ഒന്നായിതീർന്നു. ആദ്യം ജീവപുസ്തകം, കടന്നു വന്നു ജീവിതം തുടങ്ങുമ്പോഴാണ് അത് നിങ്ങൾ ജനിക്കുമ്പോൾ, പ്രാകൃതമായി ജനിക്കുന്നേരമാണ്. കാണുന്നോ? ഇന്നു ഉച്ചകഴിഞ്ഞപ്പോൾ ഒരു വീട്ടിൽ വെച്ച് കുറച്ച് ചെറുപ്പക്കാരി സഹോദരിമാർക്കു ഞാൻ വിവരിച്ചു കൊടുത്തതുപോലെ, എന്നാൽ ഒരിക്കൽ, അവിടെ വഴിയുടെ വളരെ പിന്നിലായി. നോക്കു, ജീവന്റെ ഒരു ചെറിയ വിത്ത് അവിടെ കിടക്കുന്നുണ്ടായിരുന്നു, അത് നിങ്ങളെ അതിശയിപ്പിക്കും, "അത് എവിടെ നിന്നാണ് വന്നത്? ഈ വിചിത്രമായ കാര്യങ്ങൾ എന്താ—എന്താണത്?"

45 നിങ്ങൾ പറയാൻ പോകുന്നതുപോലെ, ഞാൻ എന്നോടു തന്നെ സംസാരിക്കുകയാണ്, ഞാൻ ഇങ്ങനെ പറയുമായിരുന്നു. "വില്യം ബ്രൺഹാം, അതെ, നാല്പത് വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന, അതേ വില്യം ബ്രൺഹാമല്ല, ഇന്നു രാത്രിയിലുള്ളത്." അവിടെ പിന്നിലുള്ള ആരെങ്കിലും ഒരാൾ പറയും, "വില്യം ബ്രൺഹാം, അവൻ ഒരു തെമ്മാടിയായിരുന്നു," നോക്കൂ, എന്തുകൊണ്ടെന്നാൽ ഞാൻ ജനിച്ചത് ചാൾസിനും എല്ലാ ബ്രൺഹാമിൽ നിന്നുമായിരുന്നു. അവരുടെ പ്രകൃതത്താൽ ഞാൻ ഒരു പാപിയായിരുന്നു, ഞാൻ ഒരു കള്ളം പറയുന്നവനായി ലോകത്തിലേയ്ക്ക് വന്നു, ലോകത്തിലുള്ള എല്ലാ സ്വഭാവങ്ങളും എന്നിൽ അവിടെത്തന്നെ കിടന്നിരുന്നു. എന്നാൽ അവിടെ ഉള്ളിൽ, മറ്റൊരു പ്രകൃതവും കൂടെ, നോക്കൂ, മുൻകുറിക്കപ്പെട്ടത്, ദൈവത്തിൽ നിന്നുള്ളത്, കിടക്കുന്നുണ്ടായിരുന്നു. നോക്കൂ, ഒരേ ശരീരത്തിൽ, രണ്ടു പ്രകൃതങ്ങൾ.

46 അതെ, ഞാൻ ഒന്നിനെ മാത്രമാണ് ഭോഷിപ്പിച്ചത്. അതു വളർന്നപ്പോൾ, ഞാൻ ഒരു കുഞ്ഞിനെപ്പോലെ "ഡാഡ്—ഡാ," എന്നു ശബ്ദമുണ്ടാക്കി. ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, ഞാൻ ഒരു കള്ളം പറയുന്നവനായിതീർന്നു, ഒരു പാപി ചെയ്യുന്നതുപോലെയും മറ്റുമുള്ളതായി തീർന്നു, എന്തുകൊണ്ടെന്നാൽ ഞാൻ ആ വിധത്തിലാണ് വളർത്തപ്പെട്ടത്. എന്നാൽ അവിടെ ഉള്ളിലായി ഒരു ജീവന്റെ ചെറുകണം സദാസമയവും ഉണ്ടായിരുന്നു.

47 ഞാൻ ഓർമ്മിക്കാറുണ്ട്, ഒരു ചെറു ബാലനായിരിക്കുമ്പോൾ... (നിങ്ങളെ അധികനേരം പിടിച്ചിരുത്തണമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. എന്നാൽ അറിഞ്ഞിരിക്കുക...) അവിടെ ഇരിക്കുന്നേരം... ചെറു പുഴയുടെ അരുകിൽ—വക്കത്തിരുന്നു രാത്രിനേരം ചുറ്റും നോക്കുമായിരുന്നു. പപ്പയും മമ്മയും, വിശ്രമിക്കാൻ കിടക്കയിലേയ്ക്ക് പോയിക്കഴിഞ്ഞിരിക്കും. ആ ദിവസങ്ങളിൽ അവരും പാപികളായിരുന്നു, ഞങ്ങളുടെ ഭവനത്തിൽ ക്രിസ്തീയതയുടെ യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഓ, എന്റെ, മദ്യപാനവും പാർട്ടികളുമെല്ലാം നടന്നുകൊണ്ടിരുന്നു; അത് എന്നെ ദുഃഖിതനാക്കി, ഞാൻ എന്റെ—എന്റെ റാന്തലും എന്റെ നായുമായി കാട്ടിൽ പോയി, മുഴുരാത്രിയും കഴിച്ചുകൂട്ടുമായിരുന്നു. ശീതകാലം പാർട്ടി അവസാനിക്കുംവരെ, ചിലപ്പോൾ രാവിലെവരെ ഞാൻ വേട്ടയാടുമായിരുന്നു. വീട്ടിലെത്തുന്നേരം, അതു കഴിഞ്ഞിട്ടില്ലെങ്കിൽ, പകൽ വെളിച്ചം കടന്നുവരുവോളം, ഞാൻ ഏതെങ്കിലും ഒരു കൊട്ടിലിന്റെ മുകളിൽ കയറിക്കിടന്നുറങ്ങും.

48 അതുകഴിയുമ്പോൾ വേനൽക്കാല സമയം എങ്ങനെയുള്ളതായിരുന്നു എന്ന് ഞാൻ ചിന്തിക്കും, മഴപെയ്തിട്ടുണ്ടെങ്കിൽ, എന്റെ ചൂണ്ടകളുമായി അവിടേയ്ക്ക് ചെന്ന്, ചൂണ്ടക്കോലുകൾ വെള്ളത്തിന്മേൽ ചേർത്തിട്ട് ഞാൻ അവിടെ കിടക്കും; എന്റെ വയസ്സുചെന്ന സൂത്രശാലി നായും അവിടെ കിടക്കും. ഞാൻ ഇങ്ങനെ പറയും, "ഇവിടെ നോക്ക്. കഴിഞ്ഞ ശീതകാലം ഒരു രാത്രിയിൽ ഞാൻ ഇവിടെ താവളമടിച്ചിരുന്നു, എന്റെ പഴയ നായയുമായി ഈ മരത്തിനടുത്ത് കാത്തിരിക്കുന്നേരം ഞാൻ ഈ തീ ഇവിടെ കൂട്ടിയിരുന്നു, എനിക്ക് ഇവിടെ ഒരു തീക്കനലുണ്ടായിരുന്നു. തറയിൽ നിന്നും താഴേയ്ക്ക് അഞ്ചിഞ്ചോളം തണുത്തിരുന്നു. എന്നാൽ, എവിടെ നിന്നാണ് ആ ചെറിയ പൂക്കൾ വന്നിരുന്നത്?" കാണുന്നോ? അതെ, എവിടെ നിന്നാണ് നീ വന്നത്? ആരാണ് ഇവിടേയ്ക്ക് വന്ന് നിന്നെ നട്ടത്? ഏതു ഉണക്കൽ മുറിയിൽ നിന്നാണ് നിന്നെ ഇവിടേയ്ക്ക് കൊണ്ടുവന്നത്? അതല്ല—അല്ലെങ്കിൽ അതിനെപ്പറ്റി എന്താണ്, നീ എവിടെ നിന്നാണ് വന്നത്? കാണുന്നോ? ഞാൻ ചെറിയ പൂവിനോട് ചോദിക്കും, "ഇവിടെ മഞ്ഞുറഞ്ഞും മറ്റും ഇരിക്കുന്നു, അതിനു മുകളിലായി ഞാൻ ഇവിടെ തീ കൂട്ടി. തണുപ്പിക്കുന്ന ഒരു മൂലഘടകത്തിനു പുറമെ, എവിടെവെച്ചാണോ ഞാൻ നിന്നെ കത്തിച്ചത് ആ പഴയ മരത്തടിയിൽ അവിടെ ചൂടാക്കുന്ന ഒരു മൂലഘടകം കൂടെയുണ്ട്. നീ എവിടെ നിന്നാണ് വന്നത്?

49 അതെന്തായിരുന്നു? അവിടെ മറ്റൊരു വില്യം ബ്രൺഹാമുണ്ടായിരുന്നു. കാണുന്നോ? നിത്യജീവന്റെ ഒരു ചെറിയ കണം അവിടെ കീഴെയുണ്ടായിരുന്നു, ദൈവത്തിൽ നിന്നുള്ള ആ—ആ—ആ ജീനുകൾ, അവിടെ സ്ഥാപിച്ചിരുന്ന ദൈവത്തിന്റെ വചനം. ഇത്തരത്തിലെ കാര്യങ്ങൾ നിങ്ങൾക്ക് ഓരോർത്തർക്കും ചിന്തിക്കാനാകും. നോക്കൂ, അത് പ്രവർത്തിച്ചിരുന്നു.

50 അതിനുശേഷം ആ മരങ്ങളിലേയ്ക്ക് നോക്കി ഞാൻ ചിന്തിക്കും, "ഇലയെ, കഴിഞ്ഞ വർഷം നീ കൊഴിയുന്നത് ഞാൻ കണ്ടതാണല്ലോ പിന്നെ നീ അവിടെ വീണ്ടും വന്നതെങ്ങനെയാണ്? നീ വന്നത് എവിടെനിന്നാണ്? ഇവിടെ നിന്നെ എന്താണ് കൂട്ടിക്കൊണ്ടുവന്നത്? നോക്കൂ, അത് ശരീരത്തിൽ നിത്യജീവൻ പ്രവർത്തിക്കുന്നതാണ്.

51 ഇപ്പോൾ, അതിനുശേഷം ഞാൻ നടന്നു പൊയ്ക്കൊണ്ടിരിക്കുന്നേരം, "പുകവലിക്കുകയോ, മദ്യപിക്കുകയോ, മറ്റും ചെയ്യരുത്," എന്ന ആ ശബ്ദം സംസാരിച്ചു. ചെറുപ്പക്കാരായ വ്യക്തികൾക്കെല്ലാം വയസ്സേറുന്നു. നോക്കൂ, എന്തോ ചിലത് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

52 എന്നാൽ അപ്പോൾ ഞാൻ വളരെ ധൃതിപ്പെട്ട് മുകളിലേയ്ക്ക് നോക്കി, പറഞ്ഞു, "ഞാൻ ചാൾസും എല്ലാ ബ്രൺഹാമിന്റെയും മകനല്ല. അവിടെ എന്തോ വിളിക്കുന്നുണ്ടായിരുന്നു." എന്റെ ചെറിയ കഴുകൻ കുഞ്ഞെന്നപോലെ, "ഞാൻ ഒരു കോഴിക്കുഞ്ഞല്ല. എവിടെയോ, അവിടെ വിദൂരതയിൽ എന്തോ ചിലതു വിളിക്കുന്നു. ഓ മഹാൻ യഹോവ, നീ ആരായാലും, വെളിപ്പെടുത്തു! ഞാൻ വീട്ടിൽ വരാൻ ആഗ്രഹിക്കുന്നു. അവിടെ എന്നിൽ എന്തോ ചിലത്, വിളിക്കുന്നു."

53 പിന്നെ ഞാൻ വീണ്ടും ജനിക്കപ്പെട്ടു. ആ ചെറിയ ജീവൻ അവിടെ കിടക്കുന്നുണ്ടായിരുന്നു, ജീവന്റെ ജലം അതിന്റെ മുകളിൽ തളിക്കപ്പെട്ടു, അപ്പോൾ അത് വളരാൻ ആരംഭിച്ചു. ഇപ്പോൾ, ആ പഴയ ജീവിതം ക്ഷമിക്കപ്പെട്ട്; എനിക്കെതിരായി ഇനി ഒരിക്കലും ഓർമ്മിക്കപ്പെടാതവണ്ണം ദൈവത്തിന്റെ മറവിയുടെ സമുദ്രത്തിൽ തള്ളപ്പെട്ടു. കാണുന്നോ? ഇപ്പോൾ ഞാൻ നീതികരിക്കപ്പെട്ടവനായി (ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തപോലെ) ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുന്നു.

54 പിന്നെ നിങ്ങൾ കർത്താവിന്റെ മേശയിലേയ്ക്കു വരുന്നേരം, "ഇത് അവനു വേണ്ടിയല്ലായിരുന്നെങ്കിൽ, നാം എവിടെയാകുമായിരുന്നു," എന്നതിനാൽ നാം തികച്ചും, ബഹുമാനവും, സ്നേഹവും, ആദരവോടും കൂടെ, വരേണം. കാണുന്നോ? എവിടെ ആയിരിക്കുമായിരുന്നു എന്നു നോക്കു...

55 ആയതിനാൽ, പൌലൊസ്, ഇങ്ങനെ പറയുന്നു എന്ന്, ഞാൻ കരുതുന്നു, "ആകയാൽ സഹോദരന്മാരെ നിങ്ങൾ ഭക്ഷണം കഴിക്കാൻ കൂടുമ്പോൾ, അന്യോന്യം കാത്തിരിപ്പിൻ." അതായത്, മറ്റു വാക്കുകളിൽ, കുറച്ചു നേരം കാത്തിരുന്ന്, പ്രാർത്ഥിച്ച്, നിങ്ങളെത്തന്നെ ശോധന ചെയ്യുവിൻ എന്നാണ്. എന്തെങ്കിലും ചില തെറ്റുകളുള്ള ഒരു സഹോദരൻ അവിടെ ഉണ്ടായിരുന്നാൽ, അവനുവേണ്ടിയും പ്രാർത്ഥിക്കുക. കാണുന്നോ? നോക്കു, "ഒരാൾ മറ്റെയാളിനായി കാത്തിരിക്കുക," ഒരു നിമിഷം കാത്തിരുന്ന് പ്രാർത്ഥിക്കുക. നിങ്ങളും അന്യഥാ മറ്റെന്തെങ്കിലും തമ്മിൽ എന്തെങ്കിലും സംവേദനക്ഷമതകളുണ്ടെങ്കിൽ, ചെയ്യരുത്—അത് ചെയ്യരുത്—അതേല്ക്കരുത്, പോകു ആദ്യം പോയി അതിനെ ശരിയാക്കു. കാണുന്നോ? പോകു, ആദ്യം, അതിനെ നേരെയാക്കു, എന്തുകൊണ്ടെന്നാൽ നാം ഇവിടേയ്ക്ക് നമ്മാൽ കഴിയുന്നതിന്റെ ഏറ്റവും വിശുദ്ധിയോടെ വരാൻ ആഗ്രഹിക്കുന്നു, നമ്മുടെ ഓരോരുത്തരുടെ ചിന്തയും, അന്യോന്യവും, ദൈവത്തിന്റേതും

ആയശേഷം, നാം കർത്താവിന്റെ മേശയ്ക്കു ചുറ്റും കൂടിവരേണം. കാണുന്നോ?

56 നാം ഇതു ചെയ്യുന്നത് എന്തുകൊണ്ടെന്നാൽ, ഒരാൾ മറ്റെയാളിന്റെ മദ്ധ്യേ അവന് നന്ദിയർപ്പിക്കുന്നു. അവന്റെ രക്തവും ശരീരവും എന്നപോലെ, നാം അന്യോന്യം വീഞ്ഞ് കുടിക്കയും, അന്യോന്യം അപ്പം ഭക്ഷിക്കുകയും ചെയ്യുന്നു.

57 "നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കുള്ളിൽ ജീവനില്ല." കാണുന്നോ? അങ്ങനെയല്ലേ ബൈബിൾ പറയുന്നതെന്നു, നിങ്ങൾ നോക്കു. നിങ്ങൾ അതു ചെയ്യുന്നില്ലെങ്കിൽ, ജീവനില്ല. നിങ്ങൾ കാണുന്നോ? അതിനാൽ നിങ്ങൾ, എന്തായാലും, നിങ്ങളെ സ്വയം ഒരു ക്രിസ്ത്യാനിയാണെന്ന് നിങ്ങൾ തിരിച്ചറിയിക്കുന്നതിൽ ലജ്ജിക്കുന്നു എന്നാണ്, എന്തുകൊണ്ടെന്നാൽ അത് നിങ്ങൾ ജീവിക്കുന്ന ജീവിതമാണ്. അതുകഴിയുമ്പോൾ അത് വാസ്തവമായും ഒരു ഏറ്റുമുട്ടലാണ്. നിങ്ങൾ അതു ചെയ്യുന്നില്ലെങ്കിൽ, നിങ്ങളിൽ ജീവനില്ല. അയോഗ്യമായി ഇതു നിങ്ങൾ കൈക്കൊള്ളുന്നെങ്കിൽ, നിങ്ങൾ കർത്താവിന്റെ ശരീരം സംബന്ധിച്ച് കുറ്റക്കാരനാകും.

58 അതേ കാര്യം തന്നെയാണ് ജലസ്നാനത്തിലും. നാം ഇങ്ങനെ പറയും, "ഞങ്ങൾ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു, അവൻ ഞങ്ങളെ പാപത്തിൽ നിന്നും രക്ഷിച്ചു, ഞങ്ങൾ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റു," എന്താ, നാം കൊണ്ടുവരുന്നു—നാം അവന് അപമാനം കൊണ്ടുവരുന്നു, നാം തെറ്റായ കാര്യങ്ങളെ ചെയ്തുകൊണ്ടിരിക്കുന്നു, നമുക്ക്—നമുക്ക് അതിന് വിലകൊടുക്കേണ്ടതായി വരും. മറ്റൊരു കാര്യം, നാം അതു ചെയ്യുന്നേരം, നാം ഒന്നാണെന്ന് പ്രഖ്യാപിക്കയും മറ്റൊന്നു ചെയ്യുകയും ചെയ്യുന്നു.

59 ഇന്നത്തെ നമ്മുടെ കുഴപ്പമതാണ്. ഞാൻ ചിന്തിക്കുന്നതെന്തെന്നാൽ... ഞാൻ "നമ്മൾ," എന്നു പറയുകയാണ്, ഞാനും സഭയും ഈ അവസാന മണിക്കൂറുകളിൽ കർത്താവ് എന്നെ പറയാൻ അനുവദിച്ചിരിക്കുന്നത് എന്തെന്നാൽ, നാം സമയത്തിന്റെ അവസാനത്തിങ്കലാണ് ജീവിച്ചു കൊണ്ടിരിക്കുന്നതെന്ന് നമ്മൾ വിശ്വസിക്കുന്നു. ദൈവം നമുക്ക് ഒരു സന്ദേശം നൽകിയെന്നു നമ്മൾ വിശ്വസിക്കുന്നു. അത് ദൈവത്താൽ നിയമിക്കപ്പെട്ടു, അത് ദൈവത്താൽ തെളിയിക്കപ്പെട്ടു, അത് ദൈവത്താൽ വെളിവാക്കപ്പെട്ടു. ഇപ്പോൾ, അവന്റെ അടുക്കൽ തികച്ചും സ്നേഹത്തോടും, ഭക്തിയോടും, പ്രാണനിലും, മനസ്സിലും, ഹൃദയത്തിലും ശുദ്ധിയോടും—കൂടെ വരേണ്ടതുണ്ട്.

60 അനന്യാസിനും സഫീരയ്ക്കും ഉണ്ടായതുപോലെ, പരിശുദ്ധാത്മാവ് വിളിച്ചു പറയാൻ പോകുന്ന ആ സമയം, നമ്മുടെ ഇടയിൽ തന്നെ... വളരെ പെട്ടെന്നു ഉത്ഭവിക്കുമെന്നു, നിങ്ങളറിയുന്നു. ഓർക്കുക, നോക്കു, ആ മണിക്കൂർ ആഗമിച്ചുകൊണ്ടിരിക്കുന്നു. കാണുന്നോ? നാം ആയിരിക്കുന്നു... ഇപ്പോൾ, നിങ്ങൾ ഇത്രയും ഓർത്തിരിക്കുക, നോക്കു, ദൈവം തന്റെ ജനങ്ങളുടെ ഇടയിൽ വാസം ചെയ്യാൻ പോകുകയാണ്. അതാണ് അവൻ ഇപ്പോൾ ചെയ്യാൻ ആഗ്രഹിക്കുന്നത്.

61 സംസാരിച്ചുകൊണ്ടിരിക്കുന്നേരം...നിങ്ങൾക്ക് സന്ദേശം സ്വീകരിക്കാൻ കഴിയും, ഞാനൊരു ചെറുപ്പക്കാരനായ യുവാവ്, പിന്നെ—പിന്നെ ഒരു ഭാര്യയെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു അന്നേരം, ഞാൻ പറയും, "അവൾ തികഞ്ഞവളായിരിക്കണം. അവൾ ഒരു ക്രിസ്ത്യാനിയായിരിക്കണം. അവൾ ഒരു മാന്യസ്ത്രീയായിരിക്കണം. അവൾ ഇതെല്ലാമായിരിക്കണം. എനിക്ക് ദൃഢവിശ്വാസം വെയ്ക്കാനാകുന്നവളായിരിക്കണം." എത്രമാത്രം ദൃഢവിശ്വാസമുണ്ടായാലും, അവൾ എത്ര നല്ലവളാണെന്നു വിചാരിച്ചാലും; നോക്കു, ഈ പ്രതിജ്ഞകളിന്മേൽ, അവൾ എന്നെ സ്വീകരിക്കേണ്ടതുണ്ട്, ഞാൻ അവളെ സ്വീകരിക്കേണ്ടതുണ്ട്.

62 അതെ, സന്ദേശത്തിലും അതെ കാര്യം തന്നെ നാം കാണുന്നു. അത് ശരിയാണെന്നു നാം കാണുന്നു. അത് ശരിയാണെന്ന് ദൈവം ന്യായീകരിച്ചതായി നാം കാണുന്നു. അത് കൃത്യമായും ശരിയാണ്. വർഷാ വർഷം, വർഷാവർഷങ്ങൾ, അത് ശരിയായി തുടർന്നുകൊണ്ടിരിക്കുന്നു, തുടർച്ചയായി ശരിയായിരിക്കുന്നു. അത് പറയുന്നതെല്ലാം അവൻ എപ്രകാരമാണോ പറയുന്നത് അപ്രകാരം തന്നെ സംഭവിക്കുന്നു. ഇപ്പോൾ, അത് ശരിയാണെന്ന് നാം അറിയുന്നു, എന്നാൽ, നോക്കു, ഒരു ബുദ്ധിപരമായ വിധത്തിൽ അതിനെ ചെയ്യരുത്. നിങ്ങൾ ചെയ്യുന്നെങ്കിൽ, നിങ്ങൾക്ക് ഒരു രണ്ടാംതര മതമാണ് കിട്ടിയിരിക്കുന്നത്. കാണുന്നോ? നമുക്ക് ഒരു രണ്ടാംതര മതം, ഏതോ, ആരോ അനുഭവിച്ച് പഴഞ്ചനായതും—അവരുടെ സാക്ഷ്യവും നാം ജീവിച്ചു കഴിഞ്ഞതുമായത്, ആഗ്രഹിക്കുന്നില്ല.

63 യേശു പീലാത്തോസിനോടു ചോദിച്ചതായ, ചിലത്, ഒരു വാക്കിനെക്കുറിച്ച് ഞാൻ ചിന്തിക്കുകയായിരുന്നു, അവൻ അവിടെ ചില നിമിഷങ്ങൾക്കു മുമ്പ് പ്രതിപാദിച്ചിരുന്നു, മറ്റൊരു വാക്കിൽ പറഞ്ഞാൽ, "അത് നിന്നോട് പറഞ്ഞതാരാണ്?" അന്യഥാ "അത് നിനക്ക് വെളിപ്പെടുത്തപ്പെട്ടതാണോ, നീ ഈ കാര്യങ്ങളെല്ലാം

എങ്ങനെ അറിയുന്നു?" ആ വാക്ക് എന്താണെന്ന് എനിക്ക് ഇപ്പോൾ ഓർമ്മയില്ല, ഞാൻ അതു വായിച്ചിട്ട് വളരെ നാളുകളായി, എന്നാൽ, "എങ്ങനെ നിനക്ക്—നിനക്ക് ഇത് എങ്ങനെ അറിയാം? എന്ത്? എങ്ങനെ? അവൻ ദൈവപുത്രനായിരുന്നു എന്ന്, ഇത് നിനക്കു വെളുപ്പെടുത്തിയതാരാണ്? മറ്റാരെങ്കിലും നിന്നോട് പറഞ്ഞിട്ടാണോ? അഥവാ," യേശു പറഞ്ഞതു പോലെ, "സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിനക്ക് ഇത് വെളിപ്പെടുത്തിയതോ?." കാണുന്നോ? കാണുന്നോ? "നീ ഇത് പഠിച്ചതെങ്ങനെയാണ്, രണ്ടാം തരമായാണോ അതല്ല ദൈവത്തിൽ നിന്നുമുള്ള ഒരു സമ്പൂർണ്ണ വെളിപ്പാടായിട്ടാണോ?"

64 ഈ തിരുവത്താഴം, ഒരു കല്പനയോ മറ്റോ ആണ് ഞാൻ അതിനായി പോകുന്നു, ചോദിക്കും, "അതെ, മറ്റുള്ളവരെല്ലാം ഇതെടുക്കുന്നു, ഞാനും ഇത് ചെയ്യേണ്ടതല്ലേ?" ഞാൻ അവന്റെ ഭാഗമാണെന്നും, ഞാൻ നിങ്ങളുടെ ഒരു ഭാഗമാണെന്നും, ഞാൻ അവനെയും ഞാൻ നിങ്ങളെയും സ്നേഹിക്കുന്നെന്നും, നാം ഇത് ഒരുമിച്ചെടുക്കുന്നത് നമുക്ക് ദൈവത്തോടുള്ള സ്നേഹത്തിന്റെ ഒരു അടയാളമാണെന്നും, നമ്മുടെ സ്നേഹവും നമ്മുടെ അന്യോന്യമുള്ള കൂട്ടായ്മയും, ഒരു വെളിപ്പാടാണ്.

65 ഇപ്പോൾ ദൈവവചനത്തിൽ നിന്നും ചില വചനം വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പിന്നെ ഞാൻ നിരൂപിക്കുന്നത്... എവിടെവെച്ചാണ് നിങ്ങൾ... സഹോദരൻ പെയ്റി ഇന്ന് ഏതുവിധം തീരുമാനിച്ചാലും ശരി. നിങ്ങളുടെ പക്കൾ ബൈബിളുണ്ടെങ്കിൽ, നിങ്ങൾ എന്നോടൊപ്പം വായിക്കാനായി ഞാൻ ആഗ്രഹിക്കുന്നു. ആദ്യം 1 കൊരിന്ത്യർ ആ—ആ 11-മത്തെ അദ്ധ്യായം, 23-മത്തെ വാക്യത്തിൽ തുടങ്ങാം.

66 പിന്നെ ഇതു മാത്രമല്ല, ഞങ്ങളുടെ കൂടാരത്തിൽ, ഞങ്ങൾ എല്ലായ്പ്പോഴും പാദം—കഴുകലും കൂടെ നടത്താറുണ്ട്, എല്ലാ നേരവും, എന്തെന്നാൽ ഇതു രണ്ടും ഒന്നിനോടൊന്ന് ചേർന്നു പോകുന്ന കാര്യങ്ങളാണ്. അത് "ബുധനാഴ്ച രാത്രിയിലായിരിക്കും," എന്നു സഹോദരൻ വിളിച്ചറിയിച്ചെന്നു ഞാൻ വിശ്വസിക്കുന്നു, എന്തുകൊണ്ടെന്നാൽ അത്രയ്ക്കും തിരക്കായിട്ട്, നിങ്ങൾക്ക് അതിനനുസരിച്ച് ജനങ്ങളെ പാദം—കഴുകാനുള്ള മുറികൾ പോരാ, അവർ അതിനെ ഈ ബുധനാഴ്ച രാത്രിയിൽ നിർവഹിക്കുന്നു... ചടങ്ങ് നിർവ്വഹിക്കുന്നു.

67 ഇപ്പോൾ, 1 കൊരിന്ത്യർ 11-മത്തെ അദ്ധ്യായം 23-മത്തെ വാക്യം, പൌലൊസ് പറയുന്നത് ശ്രദ്ധിക്കു. ഇപ്പോൾ ഓർക്കു,

ഇത് ഓർമ്മിച്ചിരിക്കു, ഗലാത്യർ 1:8 "എന്നാൽ (ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി) ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ" "അവൻ ശപിക്കപ്പെട്ടവൻ." കാണുന്നോ?

*ഞാൻ കർത്താവിങ്കൽനിന്നു പ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ; കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി;*

*ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു.*

68 ഇപ്പോൾ, ഞാൻ ഇവിടെ ഒരു നിമിഷത്തേയ്ക്ക് നിർത്തിയിട്ട്, ഇതു പറയട്ടെ: എന്നാൽ ഈ തിരുവത്താഴത്തിൽ യേശുക്രിസ്തുവിന്റെ ശരീരത്തെ എടുക്കുക എന്നത്, തിരുവത്താഴം എന്നത് ക്രിസ്തുവിന്റെ *അക്ഷരാർത്ഥത്തിലെ* ശരീരമെടുക്കുക എന്നയർത്ഥത്തിലല്ല. അത് കത്തോലിക്കാ വിശ്വാസമാണ്. അത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നോക്കു, അത് കർത്താവിന്റെ വാസ്തവമായ ശരീരമല്ല, അത് കർത്താവ് നമുക്ക് നൽകിയ കല്പനയെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത്... ഇപ്പോൾ ഇത് നിയമാനുസൃതമായ ഒരു ചെറിയ അപ്പക്കഷ്ണമാണ്. ഇത് ഒരു കല്പന മാത്രമാണ്.

69 അതുമാത്രമല്ല (യേശുക്രിസ്തുവിന്റെ നാമത്തിൽ) യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുമ്പോൾ, വെള്ളം പാപങ്ങളെ ക്ഷമിച്ചുതരുമെന്നും ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ അതു വിശ്വസിക്കുന്നില്ല നിങ്ങൾക്ക്... നിങ്ങൾ ദിവസം മുഴുവനും സ്നാനമേൽക്കാമെന്നു ഞാൻ വിശ്വസിക്കുന്നു... ഇപ്പോൾ, അത് ഉപദേശിക്കുന്ന യുണൈറ്റഡ് പെന്തോക്കോസ്ത് അന്യഥാ അപ്പോസ്തലീക സഭയിൽപ്പെട്ടവർ എന്നാണ് ഞാൻ അർത്ഥമാക്കിയത്, ഒരുപക്ഷേ ഇവിടെ ഇരിക്കുന്നുണ്ടാകാം എന്നു ഞാൻ അറിയുന്നു. എന്നാൽ, നിങ്ങൾ നോക്കു, ഞാൻ—ഞാൻ വെള്ളം പാപങ്ങളെ ക്ഷമിക്കുന്നെന്നു വിശ്വസിക്കുന്നില്ല. അതല്ല അത് അങ്ങനെയായിരുന്നെങ്കിൽ, യേശു മരിച്ചത് വ്യർത്ഥമായിപ്പോയി. കാണുന്നോ? അത് ദൈവത്തിന്റെ ഒരു ആജ്ഞ മാത്രം, എന്ന് ഞാൻ വിശ്വസിക്കുന്നു, നോക്കു, നിങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു കാണിക്കുന്നു. എന്നാൽ ജലസ്നാനം വീണ്ടും ജനിക്കുന്നതിനുവേണ്ടിയാണ്, അല്ല, ഞാൻ—ഞാൻ—ഞാനതു വിശ്വസിക്കുന്നില്ല. വെള്ളം പാപങ്ങളെ ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

70 അതുമല്ല ഈ അപ്പവും വീഞ്ഞുമായി നിങ്ങൾക്ക് യാതൊന്നും ചെയ്യാനില്ല, നമ്മോട്ടു ചെയ്യാനായി ദൈവം പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽപ്പെട്ട ഒരു വ്യവസ്ഥയെ നാം പാലിക്കുന്നെന്നേയുള്ളൂ. കാണുന്നോ? അതു ശരിയാണ്. ജലസ്നാനവും അങ്ങനെതന്നെ എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവൻ നമുക്ക് ഒരു ദൃഷ്ടാന്തമായി ചെയ്യുകയും, നമ്മോട്ടു നിർബന്ധമായും ഇതു ചെയ്തിരിക്കണമെന്ന് ആജ്ഞാപിക്കുകയും ചെയ്തെന്നു ഞാൻ വിശ്വസിക്കുന്നു. അവൻ ഇതു നമുക്ക് ഒരു ദൃഷ്ടാന്തമായി ചെയ്തു. അവൻ പാദം—കഴുകൽ നടത്തിയത് നമുക്ക് ദൃഷ്ടാന്തത്തിനായിട്ടാണ്.

71 ഇപ്പോൾ, "അവ്വണ്ണം തന്നെ," 25-മത്തെ വാക്യം:

> *അവ്വണ്ണംതന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമമാകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു.*
>
> *അങ്ങനെ നിങ്ങൾ* "(ഇപ്പോൾ ഓർക്കു!)" *ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.* (എത്ര കാലം? "അവൻ വരുന്നതുവരെ!" കാണുന്നോ? കാണുന്നോ?)
>
> *അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവനെല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും.*

72 ഞാൻ ഒരു നിമിഷം ഇവിടെ നിർത്തട്ടെ. അവൻ ഇതു പറഞ്ഞതിന്റെ കാരണം, നിങ്ങൾ ഇവിടെ മറ്റൊരു വാക്യത്തിൽ നോക്കിയാൽ, മറ്റൊരു അദ്ധ്യായത്തിൽ അവൻ പറഞ്ഞിരിക്കുന്നത്, "ഞാൻ മനസ്സിലാക്കുന്നത് ഇങ്ങനെയാണ്, നിങ്ങൾ—നിങ്ങൾ ഭക്ഷിക്കാനായി കൂടിവരുമ്പോൾ, കർത്താവിന്റെ മേശയിങ്കൽ കുടിക്കുകയും തിന്നുകയും ചെയ്യുന്നു." നിങ്ങൾ നോക്കിയാൽ, അവർ അതിനെ തെറ്റിദ്ധരിച്ചിരുന്നു. അവർ അങ്ങനെ ഭോജന പ്രീയന്മാരായിത്തീർന്നു, നോക്കു. ഇന്നു ജനങ്ങൾ ചെയ്യുന്നതുപോലെ, ഏതുവിധമുള്ള ജീവിതം നയിക്കുകയും അതിൽ പങ്കുപറ്റുകയും ചെയ്യുന്നു. കാണുന്നോ? അവൻ ചോദിച്ചു, "തിന്നുവാനും കുടിപ്പാനും നിങ്ങൾക്ക് വീടുകൾ ഇല്ലയോ, നോക്കു. എന്നാൽ ഇത് നാം പാലിക്കേണ്ടതായ ഒരു ആജ്ഞ മാത്രമാണ്, നോക്കു." ഇപ്പോൾ:

*മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കയും ചെയ്യാൻ.*

*തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു.* (കാണുന്നോ?)

73 നിങ്ങൾ എന്താണ്? നിങ്ങൾ ഒരു ക്രിസ്ത്യാനിയാണ്, നിങ്ങൾ എല്ലാവരുടെയും മുന്നിൽ ഒരു ക്രിസ്ത്യാനിയെപ്പോലെ ജീവിക്കുന്നു. നിങ്ങൾ അത് കൈക്കൊള്ളുകയും ഒരു ക്രിസ്ത്യാനിയെപ്പോലെ ജീവിക്കുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ കർത്താവിന്റെ ശരീരത്തെ വിവേചിക്കുന്നില്ല. മറ്റാരുടെയെങ്കിലും വഴിയിൽ നിങ്ങൾ ഒരു ഇടർച്ചക്കല്ലായി വരികയാണ്, നോക്കൂ, അവർ നിങ്ങളെ നോക്കുമ്പോൾ നിങ്ങൾ അതു ചെയ്യാനായി ശ്രമിക്കുന്നു പിന്നെയോ നിങ്ങൾ എപ്രകാരമാണോ ജീവിക്കേണ്ടത് അപ്രകാരം ജീവിക്കുന്നില്ല. നോക്കൂ, നിങ്ങൾ കർത്താവിന്റെ ശരീരത്തെ വിവേചിക്കുന്നില്ല. അത് എന്താണെന്ന് ഇപ്പോൾ ശ്രദ്ധിക്കൂ—അതിനുള്ള ശാപം എന്താണ്:

*ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു;* (സഹോദരൻ പെയ് റി, ആ വാക്കിന്റെ യഥാർത്ഥ തർജ്ജമ "മരിച്ചിരിക്കുന്നു," കാണുന്നോ? കാണുന്നോ? "അനേകർ മരിച്ചിരിക്കുന്നു.")

*നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല* (നോക്കൂ, നാം നമ്മെത്തന്നെ വിധിക്കുകയാണെങ്കിൽ വിധിക്കപ്പെടുകയില്ല. കാണുന്നോ?)

*വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകൂടി ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിനു കർത്താവ് നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു.* (നോക്കൂ, ലോകവുമായി ഒരു ബന്ധവും വെയ്ക്കരുത്.)

*ആകയാൽ സഹോദരന്മാരെ നിങ്ങൾ ഭക്ഷണം കഴിക്കാൻ കൂടുമ്പോൾ അന്യോന്യം കാത്തിരിപ്പിൻ.* (കാണുന്നോ?)

*വല്ലവനും വിശക്കുന്നു എങ്കിൽ നിങ്ങൾ ഒരുമിച്ചു കൂടുന്നതു ന്യായവിധിക്കു ഹേതുവാകാതിരിക്കേണ്ടതിനു അവൻ വീട്ടിൽവെച്ചു ഭക്ഷണം കഴിക്കട്ടെ, ശേഷം കാര്യങ്ങളെ ഞാൻ വന്നിട്ടു ക്രമപ്പെടുത്തും.* (കാണുന്നോ?)

74 ഇപ്പോൾ, മറ്റു വാക്കുകളിൽ, അതിനെ ഇങ്ങനെ കൈപ്പറ്റാനായി കടന്നു വരരുത്... ഞാൻ അല്പം മുമ്പ്,

യഹൂദരെയും, അവരുടെ യാഗത്തെക്കുറിച്ചും, പറഞ്ഞതുപോലെ, അവർ... അത് അത്ഭുതകരമായതായിരുന്നു, അത് ദൈവത്താൽ നൽകപ്പെട്ടതായിരുന്നു, എന്നാൽ അവർ അതിനെ ആത്മാർത്ഥതയില്ലാതെയും ബഹുമാനമില്ലാത്തതും ക്രമപ്രകാരവുമല്ലാത്ത ഒരു സ്ഥാനത്തേയ്ക്ക് എത്തിയപ്പോൾ, അത് വെറും ഒരു... അത് അവന് ഒരു—ഒരു ദുർഗന്ധമേകുന്നതായിത്തീർന്നു.

75 ഇപ്പോൾ, അതേകാര്യം തന്നെയാണ് കർത്താവിന്റെ അത്താഴത്തിനായി നാം വരുന്നതും, നാം എന്താണ് ചെയ്യുന്നതെന്ന് നാം തികച്ചും അറിഞ്ഞിരിക്കണം. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾ സ്നാനമേൽക്കാൻ പോകുന്നതുപോലെ, നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് നിങ്ങളറിയുന്നു, ക്രിസ്തുവിനെ, ധരിക്കുന്നതിനായി ദൈവം നിങ്ങൾക്കു നൽകിയതുപോലെ, നിങ്ങളെയും സഭയിലേയ്ക്ക് ധരിപ്പിക്കുന്നു.

76 നിങ്ങൾ ഇത് കൈപ്പറ്റുമ്പോൾ, "ഞാൻ ദൈവത്തിന്റെ സകല വചനവും വിശ്വസിക്കുന്നു," അത്, നിങ്ങൾ സഭയെ കാണിക്കുന്നു. അവൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന ജീവനുള്ള ദൈവത്തിന്റെ അപ്പമെന്നു ഞാൻ വിശ്വസിക്കുന്നു. അവൻ പറയുന്ന ഓരോ വചനവും സത്യമെന്നു ഞാൻ വിശ്വസിക്കുന്നു. ദൈവം എന്റെ ന്യായാധിപതിയായിരിക്കെ, എന്റെ ഉത്തമബോധത്താൽ. ഞാൻ അതിൽ ജീവിക്കുന്നു. ആകയാൽ, എന്റെ സഹോദരന്മാരുടെ മുന്നിൽ, എന്റെ സഹോദരികളുടെ മുന്നിൽ—ഞാൻ—ഞാൻ ആണയിടുന്നില്ല, ഞാൻ ശപിക്കുന്നില്ല, ഞാൻ ഈ കാര്യങ്ങളെ ചെയ്യുന്നില്ല, എന്തുകൊണ്ടെന്നാൽ ഞാൻ കർത്താവിനെ സ്നേഹിക്കുന്നു, മാത്രമല്ല കർത്താവ് അതറിയുകയും അതെന്റെ കണക്കു സൂക്ഷിക്കയും ചെയ്യുന്നു. ആകയാൽ, നിങ്ങളുടെ മുന്നിൽ, ഞാൻ ലോകത്തോടൊപ്പം ന്യായം വിധിക്കപ്പെടില്ലെന്നു അറിഞ്ഞുകൊണ്ട്, ഞാൻ അവന്റെ ശരീരത്തിന്റെ ഒഹരി കൈക്കൊള്ളുന്നു." നോക്കു, അവിടെയാണ് നിങ്ങൾ, എങ്കിൽ അത് ഒരു അനുഗ്രഹമാണ്.

77 പിന്നെ, ഓർക്കു, എനിക്ക് ഇതിന്മേൽ അനേക സാക്ഷ്യങ്ങൾ നൽകാനാകും, അവിടെ ഞാൻ രോഗികളുടെ മുറിയിൽ വെച്ച് ഇത് വിശദീകരിച്ചു കൊടുക്കുകയും, അവർ സൗഖ്യപ്പെടുന്നതും കണ്ടു.

78 ഓർക്കു, യിസ്രായേൽ ഇതിന്റെ മാതൃകയെടുത്തപ്പോൾ, അവർ നാല്പത് വർഷം വനാന്തരത്തിൽ യാത്ര ചെയ്യുകയും, അവരുടെ വസ്ത്രങ്ങൾ ജീർണ്ണിച്ചോ അവരിൽ ആരും തന്നെ രോഗിയായി...അവരിൽ ഒരാൾ പോലും രോഗിയായി ഇരുന്നിരുന്നില്ല,

ഇതിനു മാതൃകയായി അവിടെ രണ്ടു ദശലക്ഷംപേരുണ്ടായിരുന്നു. അതെ, അതിന്റെ എതിർമാതൃക എന്തു പ്രവർത്തിക്കും? ഒരു യാഗമൃഗത്തിന്റെ ശരീരം അവർക്കത് ചെയ്തെങ്കിൽ, ഇമ്മാനുവേലായ, യേശുക്രിസ്തുവിന്റെ ശരീരം നമുക്കായിട്ട് എന്തു ചെയ്യും? നാം കടന്നു വരുന്നേരം ഭയഭക്തിയോടെ നമുക്ക് കടന്നുവരാം. കടന്നു വരുമ്പോൾ, എത്രനന്നായി ഭയഭക്തിയോടെ നമുക്ക് ചെയ്യാനാകുമോ അപ്രകാരം കടന്നു വരാം.

***തിരുവത്താഴം*** MAL65-1212

(Communion)

ബ്രദർ വില്യം മാരിയൺ ബ്രൺഹാം അമേരിക്കയിലെ, അരിസോണ ടെക്സനിലെ, ടെക്സൻ കൂടാരത്തിൽ, 1965 ഡിസംബർ 12 ഞായറാഴ്ച വൈകിട്ട്, ഈ സന്ദേശം ഇംഗ്ലീഷിൽ സംസാരിച്ചത്, ആദ്യം ടേപ്പിൽ റിക്കാർഡ് ചെയ്തിരുന്നതിനെ, ഒരംശംപോലും വിട്ടുകളയാതെ, ഇംഗ്ലീഷിൽ പ്രിന്റു ചെയ്തു. ഈ മലയാളം പരിഭാഷ Voice Of God Recordings നിന്നും പ്രിന്റു ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2016 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org